**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 184** **30-07-2021 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളി സ്ത്രീകളുടെ ക്ഷേമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ കെ വിജയൻ,<br>ശ്രീ വി ശശി,<br>ശ്രീ. പി. ബാലചന്ദ്രൻ,<br>ശ്രീ ജി എസ് ജയലാൽ** | | **Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് മത്സ്യത്തൊഴിലാളി സ്ത്രീകളുടെ സാമൂഹിക സാമ്പത്തിക പിന്നാക്കാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. മത്സ്യ അനുബന്ധ മേഖലയെ ആശ്രയിച്ച് ജീവിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് തൊഴിലും, സ്ഥിരവരുമാനവും ഉറപ്പ് വരുത്തുന്നതിന് വിവിധ പദ്ധതികൾ സാഫ്, മത്സ്യഫെഡ് തുടങ്ങിയ ഏജൻസികൾ മുഖേനയും, ഫിഷറീസ് വകുപ്പ് നേരിട്ടും നടപ്പിലാക്കി വരുന്നു. സാഫ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ 1. മത്സ്യത്തൊഴിലാളികളായ വനിതകളുടെ ഉന്നമനത്തിനായി 2010 മുതൽ സാഫ് തീരമൈത്രി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. മത്സ്യത്തൊഴിലാളി വനിതകൾക്കായി ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് 5 പേരടങ്ങുന്ന ഒരു യൂണിറ്റിന് 5 ലക്ഷം രൂപ വരെ ഗ്രാന്റ് (പദ്ധതി തുകയുടെ 75%) അനുവദിക്കുന്നു. 2. ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം 2020-21 സാമ്പത്തിക വർഷത്തിൽ 432 മത്സ്യത്തൊഴിലാളി വനിതകൾ ഉൾപ്പെടുന്ന 149 യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. 3. പലിശ രഹിത ചാക്രികമൂലധന സഹായമായി വിവിധ ഗ്രൂപ്പുകൾക്ക് 25,000 രൂപ മുതൽ 75,000 രൂപ വരെയും സൂപ്പർമാർക്കറ്റുകൾക്ക് ഒരു ലക്ഷം രൂപ വരെയും 20 തവണകളായി തിരിച്ചടവ് കണക്കാക്കി പലിശരഹിത വായ്പയായി നൽകുന്നു. 4. കപ്പാസിറ്റി ബിൽഡിങ് ട്രെയിനിംഗ് പ്രോഗ്രാമുകൾ: മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് മുമ്പായി അതിന് അവരെ പ്രാപ്തരാക്കുന്നതിന് വിവിധ തരത്തിലുള്ള പരിശീലനങ്ങൾ നൽകി വരുന്നു. 5. അഷ്ടമുടി ഫേസ് I പദ്ധതി, അഷ്ടമുടിഫേസ് II പദ്ധതി എന്നിവ പ്രകാരം 48 ഉൾനാടൻ മത്സ്യത്തൊഴിലാളി വനിതകളെ ഉൾക്കൊള്ളിച്ചു കൊണ്ട് തയ്യൽ യൂണിറ്റുകൾ കൺസോർഷ്യം മാതൃകയിൽ അപ്പാരൽ |

പാർക്ക് കൊല്ലം കുണ്ടറയിൽ പ്രവർത്തിച്ചു വരുന്നു. 6. മത്സ്യത്തൊഴിലാളി വനിതകൾക്ക് സുസ്ഥിര ജീവിത നിലവാരം ഉറപ്പു വരുത്തുന്നതിനു വേണ്ടി അഞ്ചു പേരടങ്ങുന്ന മത്സ്യവില്പന നടത്തുന്ന വനിതകളുടെ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ രൂപീകരിച്ചു കൊണ്ട് അവർക്ക് കച്ചവടത്തിനാവശ്യമായ തുക ഒരു ഗ്രൂപ്പിന് 50000/- രൂപ എന്ന നിരക്കിൽ നൽകുന്നു. 7. തീരമൈത്രി സീഫുഡ് റസ്റ്റോറന്റ് 2020-21 പദ്ധതി പ്രകാരം 230 മത്സ്യത്തൊഴിലാളി വനിതകളെ ഉൾക്കൊള്ളിച്ചു കൊണ്ട് 75% ഗ്രാന്റ് നൽകിക്കൊണ്ട് 9 തീരദേശ ജില്ലകളിലായി ഗുണമേന്മയുള്ളതും ആരോഗ്യ കരവുമായ കടൽ മത്സ്യവിഭവ ങ്ങൾ ഉൾപ്പെടുത്തികൊണ്ട് മത്സ്യമേഖലയിലെ വനിതകളുടെ തനത് രുചിയോടെ തയ്യാർ ചെയ്യുന്നതിനായി 5 പേരടങ്ങുന്ന തീരമൈത്രി സീഫുഡ് റസ്റ്റോറൻറുകൾ സ്ഥാപിച്ചു വരുന്നു. 8. കേരളബാങ്ക് മുഖേന ദീർഘകാല വായ്പപദ്ധതി: നിലവിൽ 359 തീരമൈത്രി യൂണിറ്റുകൾക്കായി 5 കോടി രൂപ കേരള ബാങ്കിൽ നിന്നും വായ്പ അനുവദിച്ചു. മത്സ്യഫെഡ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ a. ടേം വായ്പകൾ b. മൈക്രോഫിനാൻസ് പദ്ധതി c. മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യവിപണനത്തിന് പലിശ രഹിത വായ്പ. d. ലോൺ ഡിസ്ട്രസ് റിലീഫ് സ്കീം മത്സ്യബോർഡ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ 1.. മത്സ്യത്തൊഴിലാളി / അനുബന്ധത്തൊഴിലാളി ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി 2. മത്സ്യബന്ധന സമയത്തോ തൊട്ടു പിന്നാലെയോ അപകടംകൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ ഉണ്ടാകുന്ന മരണത്തിന് ആശ്രിതർക്ക് ധനസഹായം 3. വിവാഹ ധനസഹായ പദ്ധതി 4.മത്സ്യത്തൊഴിലാളികളുടെ ആശ്രിതരുടെ മരണാനന്തര ചെലവുകൾക്ക് ധനസഹായം നൽകുന്ന പദ്ധതി 5.മത്സ്യത്തൊഴിലാളികളുടെ മരണത്തോടനുബന്ധിച്ചആശ്രിതർക്കുള്ള ധന സഹായ പദ്ധതി 6.കുടുംബ സംവിധാന പദ്ധതി 7. മാരകരോഗ ചികിൽസാ പദ്ധതി 8. ചെയർമാൻസ് റിലീഫ് ഫണ്ട് 9.ബോർഡിന്റെ പ്രത്യേക ധനസഹായം 10 പ്രസവ ശുശ്രൂഷക്കുളള ധനസഹായ പദ്ധതി 11. വിധവാ പെൻഷൻ 12. അപകടം മൂലമുണ്ടാകുന്ന താൽക്കാലിക അവശതയ്ക്ക് ധനസഹായ പദ്ധതി: കൂടാതെ ഫിഷറീസ് വകുപ്പ് മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ യാത്രയ്ക്കായി സമുദ്ര സ്പെഷ്യൽ കെ.എസ്.ആർ.ടി.സി ബസ് സർവ്വീസുകൾ നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. മത്സ്യബോർഡിൽ രജിസ്റ്റർ ചെയ്ത മുഴുവൻ

| | | | |
|---|---|---|---|
| | | | മത്സ്യത്തൊഴിലാളികൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഉണ്ട്. |
| (ബി) | മത്സ്യത്തൊഴിലാളി സ്ത്രീകളുടെ വരുമാനം ഉയർത്തുന്നതിനും തൊഴിൽ സുരക്ഷ ഉറപ്പവരുത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. മത്സ്യ അനുബന്ധ മേഖലയെ ആശ്രയിച്ച് ജീവിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് തൊഴിലും, സ്ഥിരവരുമാനവും ഉറപ്പ വരുത്തുന്നതിന് വിവിധ പദ്ധതികൾ സാഫ്, മത്സ്യഫെഡ് തുടങ്ങിയ ഏജൻസികൾ മുഖേനയും, ഫിഷറീസ് വകുപ്പ് നേരിട്ടും നടപ്പിലാക്കി വരുന്നു. സാഫ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ 1. മത്സ്യത്തൊഴിലാളികളായ വനിതകളുടെ ഉന്നമനത്തിനായി 2010 മുതൽ സാഫ് തീരമൈത്രി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. മത്സ്യത്തൊഴിലാളി വനിതകൾക്കായി ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് 5 പേരടങ്ങുന്ന ഒരു യൂണിറ്റിന് 5 ലക്ഷം രൂപ വരെ ഗ്രാന്റ് (പദ്ധതി തുകയുടെ 75%) അനുവദിക്കുന്നു. 2. ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം 2020-21 സാമ്പത്തിക വർഷത്തിൽ 432 മത്സ്യത്തൊഴിലാളി വനിതകൾ ഉൾപ്പെടുന്ന 149 യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. 3. പലിശ രഹിത ചാക്രീകമൂലധന സഹായമായി വിവിധ ഗ്രൂപ്പുകൾക്ക് 25,000 രൂപ മുതൽ 75,000 രൂപ വരെയും സൂപ്പർമാർക്കറ്റുകൾക്ക് ഒരു ലക്ഷം രൂപ വരെയും 20 തവണകളായി തിരിച്ചടവ് കണക്കാക്കി പലിശരഹിത വായ്പയായി നൽകുന്നു. 4. കപ്പാസിറ്റി ബിൽഡിങ് ട്രെയിനിംഗ് പ്രോഗ്രാമുകൾ: മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് മുമ്പായി അതിന് അവരെ പ്രാപ്തരാക്കുന്നതിന് വിവിധ തരത്തിലുള്ള പരിശീലനങ്ങൾ നൽകി വരുന്നു. 5. അഷ്ടമുടി ഫേസ് I പദ്ധതി, അഷ്ടമുടിഫേസ് II പദ്ധതി എന്നിവ പ്രകാരം 48 ഉൾനാടൻ മത്സ്യത്തൊഴിലാളി വനിതകളെ ഉൾക്കൊള്ളിച്ചു കൊണ്ട് തയ്യൽ യൂണിറ്റുകൾ കൺസോർഷ്യം മാതൃകയിൽ അപ്പാരൽ പാർക്ക് കൊല്ലം കുണ്ടറയിൽ പ്രവർത്തിച്ചു വരുന്നു. 6. മത്സ്യത്തൊഴിലാളി വനിതകൾക്ക് സുസ്ഥിര ജീവിത നിലവാരം ഉറപ്പ വരുത്തുന്നതിനു വേണ്ടി അഞ്ചു പേരടങ്ങുന്ന മത്സ്യവില്പന നടത്തുന്ന വനിതകളുടെ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ രൂപീകരിച്ചു കൊണ്ട് അവർക്ക് കച്ചവടത്തിനാവശ്യമായ തുക ഒരു ഗ്രൂപ്പിന് 50000/- രൂപ എന്ന നിരക്കിൽ നൽകുന്നു. 7. തീരമൈത്രി സീഫുഡ് റസ്റ്റോറന്റ് 2020-21 പദ്ധതി പ്രകാരം 230 മത്സ്യത്തൊഴിലാളി വനിതകളെ ഉൾക്കൊള്ളിച്ചു കൊണ്ട് 75% ഗ്രാന്റ് നൽകിക്കൊണ്ട് 9 തീരദേശ ജില്ലകളിലായി ഗുണമേന്മയുള്ളതും ആരോഗ്യ കരവുമായ കടൽ മത്സ്യവിഭവ ങ്ങൾ ഉൾപ്പെടുത്തികൊണ്ട് മത്സ്യമേഖലയിലെ |

| | | | |
|---|---|---|---|
| | | | വനിതകളുടെ തനത് രുചിയോടെ തയ്യാർ ചെയ്യുന്നതിനായി 5 പേരടങ്ങുന്ന തീരമൈത്രി സീഫുഡ് റസ്റ്റോറൻറുകൾ സ്ഥാപിച്ചു വരുന്നു. 8. കേരളബാങ്ക് മുഖേന ദീർഘകാല വായ്പപദ്ധതി: നിലവിൽ 359 തീരമൈത്രി യൂണിറ്റുകൾക്കായി 5 കോടി രൂപ കേരള ബാങ്കിൽ നിന്നും വായ്പ അനുവദിച്ചു. മത്സ്യഫെഡ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ a. ടേം വായ്പകൾ b. മൈക്രോഫിനാൻസ് പദ്ധതി c. മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യവിപണനത്തിന് പലിശ രഹിത വായ്പ. d. ലോൺ ഡിസ്ട്രസ് റിലീഫ് സ്കീം മത്സ്യബോർഡ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ 1.. മത്സ്യത്തൊഴിലാളി / അനുബന്ധത്തൊഴിലാളി ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി 2. മത്സ്യബന്ധന സമയത്തോ തൊട്ടു പിന്നാലെയോ അപകടംകൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ ഉണ്ടാകുന്ന മരണത്തിന് ആശ്രിതർക്ക് ധനസഹായം 3. വിവാഹ ധനസഹായ പദ്ധതി 4.മത്സ്യത്തൊഴിലാളികളുടെ ആശ്രിതരുടെ മരണാനന്തര ചെലവുകൾക്ക് ധനസഹായം നൽകുന്ന പദ്ധതി 5.മത്സ്യത്തൊഴിലാളികളുടെ മരണത്തോടനുബന്ധിച്ചആശ്രിതർക്കുള്ള ധന സഹായ പദ്ധതി 6.കുടുംബ സംവിധാന പദ്ധതി 7. മാരകരോഗ ചികിൽസാ പദ്ധതി 8. ചെയർമാൻസ് റിലീഫ് ഫണ്ട് 9.ബോർഡിന്റെ പ്രത്യേക ധനസഹായം 10 പ്രസവ ശുശ്രൂഷക്കുള്ള ധനസഹായ പദ്ധതി 11. വിധവാ പെൻഷൻ 12. അപകടം മൂലമുണ്ടാകുന്ന താൽക്കാലിക അവശതയ്ക്ക് ധനസഹായ പദ്ധതി: കൂടാതെ ഫിഷറീസ് വകുപ്പ് മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ യാത്രയ്ക്കായി സമുദ്ര സ്പെഷ്യൽ കെ.എസ്.ആർ.ടി.സി ബസ് സർവ്വീസുകൾ നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. മത്സ്യബോർഡിൽ രജിസ്റ്റർ ചെയ്ത മുഴുവൻ മത്സ്യത്തൊഴിലാളികൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഉണ്ട്. |
| (സി) | വിപണന കേന്ദ്രങ്ങളും ലാൻഡിംഗ് സെന്ററുകളും കേന്ദ്രീകരിച്ച് മത്സ്യത്തൊഴിലാളി സ്ത്രീകളെ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളായി സംയോജിപ്പിക്കാനും അവർക്ക് പ്രവർത്തന മൂലധനം ലഭ്യമാക്കുവാനും ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ? | (സി) | ഉണ്ട്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മത്സ്യത്തൊഴിലാളി വനിതകളെ കൊള്ളപ്പലിശക്കാരുടെ ചൂഷണത്തിൽ നിന്നും മുക്തരാക്കുക എന്ന ഉദ്ദേശത്തോടു കൂടിയാണ് ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ ആരംഭിച്ചിട്ടുള്ളത്. സാഫ് മുഖേനയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. 350 JLG കളെ കേരള ബാങ്കുമായി ബന്ധിപ്പിച്ച് കൊല്ലം, ആലപ്പുഴ ജില്ലകളിലായി JLG project for ensuring livelihood security of fisher women in Kerala 2.39 കോടി രൂപയുടെ പദ്ധതി പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കി. 5 പേരടങ്ങുന്ന JLG |

| | | | |
|---|---|---|---|
| | | | യ്ക്ക് 50,000/- രൂപ റിവോൾവിംഗ് ഫണ്ട് അനുവദിച്ചു. 2021-22 സാമ്പത്തിക വർഷത്തിൽ സാഫ് മുഖേന നടപ്പാക്കുന്ന വിവിധ പദ്ധതികൾക്ക് 15 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 1500 മത്സ്യത്തൊഴിലാളികളെ ഉൾക്കൊള്ളിച്ചു കൊണ്ട് 300 JLG കളെ കേരള ബാങ്കുമായി ബന്ധിപ്പിച്ച് തിരുവനന്തപുരം, കൊല്ലം, കോട്ടയം ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കാസർഗോഡ് ജില്ലകളിലായി JLG project for ensuring livelihood security of fisher women in Kerala 3.30 കോടി രൂപയുടെ പദ്ധതി ഈ വർഷം നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ